തുന്നു. അന്ധതമൂലം ഉളവായ അവശതകൾ ഇച്ഛാശക്തികൊണ്ടു താൻ എങ്ങനെ പരിഹരിച്ചു എന്നു് 1968–ൽ പ്രസിദ്ധീകരിച്ച തന്റെ പുസ്തകത്തിൽ തോൺടൺ വിവരിച്ചിട്ടുണ്ടു്.

കള്ളനാണ്യങ്ങൾ വിരലുകൾകൊണ്ടു തിരിച്ചറിയുക അന്ധർക്ക വിഷമമല്ലെന്നു് തോൺടൺ പറയുന്നു. അവയുടെ അരികും മററും തൊട്ടുനോക്കി എളുപ്പത്തിൽ നല്ല നാണ്യങ്ങളെ കള്ളനാണ്യങ്ങളിൽനിന്നു തിരിച്ചറിയാനുള്ള ഉപാധികൾ കമ്മട്ടക്കാർ ഉണ്ടാക്കിയിട്ടുണ്ടു്. രണ്ടു വിരലുകൾക്കിടയിലൂടെ നോട്ടോടിച്ചു്, ചൂണ്ടുവിരൽകൊണ്ടു തടവിയാണു നോട്ടുകളുടെ നന്മയും തിന്മയും തോൺടൺ വ്യവച്ഛേദിക്കുന്നതു്. സ്പർശത്തിനു പുറമെ കേൾവിയും ഈ ആവശ്യത്തിനു് അദ്ദേഹം ഉപയോഗപ്പെടുത്തുന്നു.

'കറൻസിനോട്ടിൽ എന്തു കേൾവി?' എന്നായിരിക്കും നിങ്ങളുടെ ചോദ്യം. നോട്ടു് കൊടുക്കുന്ന ആളുടെ ശബ്ദം കേട്ടാൽ, അയാൾ കള്ളനോ, സത്യസന്ധനോ എന്നു് തോൺടനു് അറിയാമത്രെ. വളരെ ശ്രമപ്പെട്ടാൽ ആളുകൾക്ക തങ്ങളുടെ മുഖഭാവം മറച്ചുവയ്ക്കാൻ കഴിഞ്ഞേക്കും. എന്നാൽ, അസത്യം പറയുമ്പോൾ സ്വരത്തിനുണ്ടാകുന്ന ഈഷദ്ഭേദങ്ങൾ മറച്ചുവയ്ക്കാൻ ഏതു പഠിച്ച കള്ളനും സാദ്ധ്യമല്ല. നോട്ടുകൊടുക്കുന്ന ആളെപ്പററി സംശയം തോന്നിയാൽ തോൺടൺ രണ്ടുമൂന്നു ചോദ്യം അങ്ങോട്ടു ചോദിക്കും. അവസ്സു കിട്ടുന്ന ഉത്തരങ്ങളുടെ ധ്വനിഭേദത്തിൽനിന്നു് മുന്നിൽ നിൽക്കുന്നവൻ കള്ളനോ, സത്യസന്ധനോ എന്നു് അദ്ദേഹം തീരുമാനിക്കുകയുംചെയ്യും.

ഏതു് അവശതയെയും അനുഗ്രഹമാക്കി മാററാൻ കഴിയുമെന്നു് നൂറുദ്ദീന്റെയും തോൺടന്റെയും കഥകൾ നമ്മെ പഠിപ്പിക്കുന്നില്ലേ?

പിന്നെ എഴുതിയതു്:

ഇതെഴുതിക്കഴിഞ്ഞശേഷം, പത്രമാപ്പീസിലെത്തുംമുമ്പു് ബസ്സിൽ ഞാൻ കൊടുത്ത രണ്ടുരൂപാനോട്ടു് എടുക്കുകയില്ലെന്നു പറഞ്ഞു കണ്ടക്ടർ മടക്കിത്തന്നു. 'എന്റെ കൈയിൽ ചില്ലറയില്ല' എന്നല്ല കണ്ടക്ടർ പറഞ്ഞതു്: 'നിങ്ങളുടെ രണ്ടുരൂപാനോട്ടു ലോക്കൽ ആണു്' എന്നാണു്. സർക്കാർ അടിച്ചിറക്കിയതല്ലത്രേ അതു്; സ്ഥലത്തുള്ള ഏതോ കുടിൽവ്യവസായിയുടെ സൃഷ്ടിയാണത്രെ. കണ്ടക്ടരുടെ ഫലിതം കേട്ടു യാത്രക്കാർ ചിരിച്ചു. ഞാൻ ആകെ ഷാംഗവൃത്തിലുമായി. ഇനി ഈ സാധനം ബാങ്കിൽ കൊടുത്തുനോക്കട്ടെ.

(30 മാർച്ച്, 1986)

## 101. ഏജൻറും കമ്മീഷനും

ഏജൻറിനെ ഒഴിവാക്കാൻ പററുമോ? കമ്മീഷൻ കൊടുക്കാതിരിക്കാൻ കഴിയുമോ?

നിങ്ങളുടെ മകനു്, അല്ലെങ്കിൽ മകൾക്കു്, വിവാഹപ്രായം ആയിരിക്കുന്നു. പററിയ ഒരു പെണ്ണിനെ, അല്ലെങ്കിൽ ചെറുക്കനെ, നിങ്ങൾക്ക നേരിട്ടറിയാമെങ്കിൽ കുഴപ്പമില്ല. പെണ്ണിന്റെ, അല്ലെങ്കിൽ ചെറുക്കന്റെ ഹിതം ആദ്യം അറിയുക; പിന്നീടു് മാതാപിതാക്കളെ സമീപിക്കുക —കാര്യം എത്ര സുഗമം!

പക്ഷേ, യോജിച്ച വധുവോ, വരനോ, നിങ്ങളുടെ പരിചയത്തിൽ ഇല്ലെങ്കിലോ? അപ്പോൾ ഏതെങ്കിലും വിവാഹദല്ലാളിന്റെ സഹായം

തേടാൻ നിങ്ങൾ നിർബന്ധനാവുന്നു. 'അയാളോ? ഉഗ്രൻ സാധനമാണ്. കടിച്ചാൽ വിഷം ഇറങ്ങില്ല. നിങ്ങളോട് പണം വാങ്ങും. അപ്പുറത്തു നിന്നും വാങ്ങും. ഒടുവിൽ രണ്ടു കൂട്ടരേയും പററിക്കുകയുംചെയ്യും' എന്നൊക്കെയാവും ഈ ദല്ലാളിനെപ്പററി നിങ്ങൾ കേട്ടിരിക്കുക. എന്നിട്ടും നിങ്ങൾ അയാളെ തേടി പോവുന്നു. 'കളിപ്പപററാതെ സൂക്ഷിച്ചാൽ മതിയല്ലോ' എന്നു നിങ്ങൾ കരുതുന്നു. പലപ്പോഴും, തൃപ്തികരമായ സേവനം നിങ്ങൾക്കു ദല്ലാളിൽനിന്നു ലഭിക്കുകയുംചെയ്യുന്നു. ചെലവോ? 'ഓ,ദല്ലാളിനു കമ്മീഷൻ കുറച്ചധികം കൊടുക്കേണ്ടിവന്നു. എന്നാലും ഞാൻ തൃപ്തനാണ്. കാര്യം ഭംഗിയായി നടന്നുവല്ലോ' എന്നാവും നിങ്ങളുടെ പ്രതികരണം.

നവദമ്പതികൾക്കു പാർക്കാനൊരു വീടു വേണം. വാടക കുറഞ്ഞ ഒരു വീട്. അയൽപക്കം നന്നായിരിക്കണം. 'വീടിനാണോ പ്രയാസം? ഇന്നു ആളെ ടെലഫോണിൽ വിളിച്ചു ചോദിക്കൂ. ഈനഗരത്തിൽ വാടകയ്ക്കു കിട്ടാവുന്ന എല്ലാ വീടുകളെപ്പററിയും അയാൾക്കറിയാം. അവയുടെയെല്ലാം ഉടമകൾ അയാളുടെ പോക്കററിലാണ്. പക്ഷേ, ഒരു കാര്യം അയാൾക്കു നിർബന്ധമുണ്ട്. ഒന്നര മാസത്തെ വാടക വീട്ടുടമയും ഒന്നര മാസത്തെ വാടക കുടിപാർപ്പുകാരനും കമ്മീഷനായി അയാൾക്കു മുൻകൂർ കൊടുക്കണം. ഈ കാര്യത്തിൽ വിട്ടുവീഴ്ചയില്ല. എന്നാലും നഷ്ടമില്ല. അയാൾ കണ്ടുപിടിച്ചുതരുന്ന വീട്ടിൽ നിങ്ങൾക്ക് ഒരു പ്രശ്നവും നേരിടേണ്ടിവരില്ല'—ഏതാണ്ട് ഈ മട്ടിലുള്ള ഉപദേശമാണു നിങ്ങൾക്കു കിട്ടുന്നതു്. കമ്മീഷൻ കൊടുക്കാനുള്ള മടിമൂലം കുറെ ദിവസങ്ങളോളം നിങ്ങൾതന്നെ വീട് അന്വേഷിച്ച് അലയുന്നു. ഒടുവിൽ, ഗതികെട്ടു ദല്ലാളിനെ ആശ്രയിക്കുന്നു. അയാൾ ചോദിച്ച കമ്മീഷൻ കൊടുക്കുന്നു. ഒരാഴ്ചയ്ക്കകം നവദമ്പതികൾ പുതിയ വാടകവീട്ടിൽ സ്വന്തമായ ജീവിതം ആരംഭിക്കുന്നു.

അവർക്ക് ഒരു ടെലിവിഷൻസെററ് വേണം. 'കെൽട്രോൺ ആണു ലാഭം' എന്നു ചിലർ നിങ്ങളെ ഉപദേശിക്കുന്നു. 'റിസപ്ഷൻ നല്ലതു് വെസ്റ്റണിലാണ്'' എന്നു മററു ചിലർ. 'അല്പം വില കൂടിയാലും ഒരു ഫോറിൻസെററ് വാങ്ങുകയാണു നല്ലതു്. പിന്നെ പ്രശ്നം ഉണ്ടാവില്ല. സെക്കൻഡ് ഹാൻഡ് സെററുകൾ ധാരാളം കിട്ടാനുമുണ്ട്'' എന്ന് ഇനിയും ചിലർ. എന്തുചെയ്യണം? വേറെ ഒന്നും ചെയ്യാനില്ല. നഗരത്തിലെ ഏററവും നല്ല ടി. വി. ഏജൻറിനെ ചെന്നുകാണുക. മാർക്കററ്റേററിനു സാധനം നിങ്ങളുടെ വീട്ടിൽ എത്തും. ആൻറിന സ്ഥാപിക്കുന്നതിൻെറയും വയറിങ്ങിൻെറയും ഒന്നും കാര്യം നിങ്ങൾ നോക്കേണ്ട. വല്ല കുഴപ്പമുണ്ടെങ്കിൽ, വിദഗ്ദ്ധരായ മെക്കാനിക്കുകൾ നിങ്ങളുടെ വീട്ടിൽ വന്ന് വേണ്ടതു ചെയ്തു പൊയ്ക്കൊള്ളും. ഗ്യാരണ്ടി കാലഘട്ടത്തിനുള്ളിൽ ഇതിനായി നിങ്ങൾ ചെലവൊന്നും ചെയ്യേണ്ടതില്ല. നിർമാതാക്കളിൽനിന്ന് ഏജൻറ് കമ്മീഷൻ ഈടാക്കുന്ന വിവരവും, ആ കമ്മീഷനും അതിലധികവും വിലയിൽച്ചേർത്തു നിങ്ങൾ കൊടുത്ത കാര്യവും ആരും അറിയുകയില്ല—നിങ്ങൾപോലും. ഏജൻറിൻെറ സഹായമില്ലാതെ ഇക്കാലത്തു വളരെയൊന്നും ചെയ്യാൻ ആർക്കും സാധിക്കുകയില്ല.

ഇൻഷ്വറൻസിൽ ഒരു പോളിസി എടുക്കണോ?പോസ്റ്റ് ആഫീസിൽ ഒരു സേവിങ്സ് അക്കൗണ്ട് തുടങ്ങണോ? യൂനിററ് ട്രസ്റ്റിൽ പണം നിക്ഷേപിക്കണോ? വിമാനത്തിലും തീവണ്ടിയിലും ടിക്കററ് വാങ്ങണോ? വിദഗ്ദ്ധനായ ഡോക്ടറുടെ സേവനം വേണോ? സർക്കാരാപ്പീസിൽനിന്ന് ഏതെങ്കിലും കാര്യം സാധിക്കണോ? ബാങ്കിൽനിന്ന് ലോൺ വാങ്ങണോ? കുട്ടിയെ സ്കൂളിൽ ചേർക്കണോ?

സാധാരണ കാര്യങ്ങൾ, നിങ്ങൾക്ക് അവകാശപ്പെട്ട കാര്യങ്ങൾ

തന്നെ. ശരിക്കും വേണ്ട സമയത്തും ചെയ്യാൻ വിദഗ്ദ്ധരായ ഏജൻറുമാരുടെ സഹായം ഇന്നു് ആവശ്യമാണു്. ജീവിതം അത്രയേറെ സങ്കീർണമായിരിക്കുന്നു. കളിപ്പുപററാതെ വാങ്ങാനും നഷ്ടംവരാതെ വില്ക്കാനും—വാങ്ങുന്നതും വില്ക്കുന്നതും എന്തായാലും—ഏജൻറിൻെറ സേവനം കൂടിയേ കഴിയൂ.

നിങ്ങൾക്കു പത്രത്തിൽ എന്തെങ്കിലും പരസ്യപ്പെടുത്താനുണ്ടോ? ശരിയാണു്; പരസ്യത്തിൻെറ മാററർ പത്രമാപ്പീസിൽ എത്തിച്ചുകൊടുത്താൽ മതി. പക്ഷേ, നേരിട്ടു് ഏല്പിച്ചാൽ നിങ്ങൾ കൊടുക്കേണ്ടിവരുന്നതിനേക്കാൾ ചുരുങ്ങിയ ചാർജിനു് ഇതേ പരസ്യം പത്രത്തിൽ ഏജൻറ് വരുത്തിത്തരും. പത്രമുടമ തനിക്കു നല്കുന്ന കമ്മീഷനിൽനിന്നു് ഒരംശം ഏജൻറ് നിങ്ങൾക്കു വിട്ടു തരുന്നതിനാലാണു് ഏജൻറ് മുഖാന്തിരമുള്ള പരസ്യമിടപാടു നിങ്ങൾക്കു ലാഭകരമായിത്തീരുന്നതു്. ചാർജ് കുറയുമെന്നതിനു പുറമേ, പരസ്യം ഭംഗിയായി, പ്രമുഖസ്ഥാനത്തു ചേർക്കുന്നതിൻെറ ഉത്തരവാദിത്തവും ഏജൻറ് ഏറെറടുക്കും.

എഴുതിത്തുടങ്ങുന്ന ഒരു സാഹിത്യകാരനാണോ നിങ്ങൾ? എങ്കിൽ, ഒരു 'ലിററററി ഏജൻറി'ൻെറ സഹായം നിങ്ങൾക്കു് ഗുണകരമായിരിക്കും. പാശ്ചാത്യരാജ്യങ്ങളിൽ ഇത്തരം ഏജൻറുമാർ തങ്ങളുടെ സേവനങ്ങളെപ്പററി പത്രങ്ങളിൽ പരസ്യം കൊടുക്കാറുണ്ടു്. അവർ നിങ്ങളുടെ കൈയെഴുത്തുപ്രതി വായിച്ചുനോക്കും; വിദഗ്ദ്ധരെക്കൊണ്ടു് അതു തിരുത്തിച്ചു നന്നാക്കും; പററിയ പ്രസിദ്ധീകരണങ്ങളിൽ അതു പ്രസിദ്ധപ്പെടുത്തും; അതിനു നിങ്ങൾക്കു പ്രതിഫലവും വാങ്ങിത്തരും. ഒന്നുമാത്രം! നിങ്ങളുടെ പ്രതിഫലത്തിലൊരു പങ്കു കമ്മീഷൻ ആയി അവർ എടുക്കും. എന്താ, വിരോധമുണ്ടോ? ഉണ്ടെങ്കിൽ, നിങ്ങൾ എഴുതിയ കൈയെഴുത്തുപ്രതി കിടക്കയുടെ അടിയിൽ പരത്തിവെച്ചു് അതിൻെറ മീതെ കിടന്നു സുഖമായി ഉറങ്ങിക്കൊള്ളു.

ചുരുക്കത്തിൽ, ആധുനികജീവിതമെന്ന യന്ത്രത്തിലെ നൂറായിരം ചെറുഭാഗങ്ങൾ തമ്മിലുരഞ്ഞു തേഞ്ഞു യന്ത്രം തകർന്നുപോകാതെ, വേണ്ട സമയത്തും സ്ഥലത്തിലും മെഴുക്കിട്ടു്, യന്ത്രത്തെ സുഗമമായി പ്രവർത്തിപ്പിക്കുന്നതു് ഏജൻറുമാരാണു്; അവർ യന്ത്രത്തിൽ പുരട്ടിക്കൊടുക്കുന്ന മെഴുക്കു് കമ്മീഷനും.

എന്നിട്ടും ഏജൻറുമാർക്കു നൽകുന്ന കമ്മീഷൻ ഈയിടെ നമ്മുടെ പാർലമെൻറിൽ വലിയ ബഹളങ്ങൾക്കു കാരണമായി.

വിവാദവിഷയമായ ഒരു പ്രശ്നം, പടിഞ്ഞാറെ ജർമനിയിലെ ഒരു കമ്പനിയിൽനിന്നു് ഇന്ത്യൻ നാവികസേനക്കു രണ്ടു മുങ്ങിക്കപ്പലുകൾ വാങ്ങിയപ്പോൾ നൽകപ്പെട്ട കമ്മീഷനാണു്. വില്ക്കുന്നവർ വാങ്ങുന്നവരുടെ ആൾക്കാർക്കു നല്കിയതാണു് ഈ കമ്മീഷൻ—ഏതാണ്ടു മുപ്പതുകോടി രൂപ! ഈ തുകയുടെ എത്രയോ ഇരട്ടി മുങ്ങിക്കപ്പലുകളുടെ വിലയിൽ ഉൾക്കൊള്ളിച്ചു കപ്പൽക്കമ്പനിക്കാർ വാങ്ങിയിരിക്കുമെന്നു തീർച്ച. വില കൊടുത്തതു് ഇന്ത്യാഗവണ്മെൻറാണു്; എന്നുവെച്ചാൽ, ഗവണ്മെൻറിനു നികുതികൊടുക്കുന്ന നമ്മൾ എല്ലാമാണു്. അപ്പോൾ യഥാർത്ഥത്തിൽ ജർമൻകമ്പനിക്കാരിൽനിന്നു് ഏജൻറിനു കിട്ടിയ മുപ്പതുകോടി രൂപ നമ്മൾ ഓരോരുത്തരുടേയും പോക്കററിൽനിന്നു് ഇന്ത്യാഗവണ്മെൻറ് എടുത്തതാണു്. ഈ കമ്മീഷനെപ്പററി ഇന്ത്യക്കാർ അരിശംകൊള്ളുന്നതിലോ, അതു വാങ്ങിയ ഏജൻറിനെ കണ്ടുപിടിച്ചു് ആവുമെങ്കിൽ ശിക്ഷിക്കാൻ ശ്രമിക്കുന്നതിലോ അത്ഭുതം എന്തുള്ളൂ?

മുങ്ങിക്കപ്പൽക്കമ്പനിക്കാർ നൽകിയതിനേക്കാൾ എത്രയോ വലിയ ഒരു തുകയാണു്—എത്ര എന്നു കൃത്യമായി അറിഞ്ഞുകൂടാ—സ്വീഡനിലെ ബോഫേഴ്സ് എന്ന ആയുധനിർമാതാക്കൾ, അവരുടെ കൈയിൽ

നിന്നു വളരെ അധികം പീരങ്കികൾ ഇന്ത്യാഗവണ്മെൻറ് കരസേനയി ലേക്കുവേണ്ടി വാങ്ങിയപ്പോൾ ഇന്ത്യയിലെ ചില ഏജൻറുമാർക്കു കൊടു ത്തതായി പറയപ്പെടുന്നതു്. നൂററിമുപ്പതുകോടി ഡോളർ—ഏതാണ്ടു് ഏഴായിരം കോടിയോളം രൂപ—പീരങ്കികൾക്കും മററുമായി ഈ കമ്പനി ക്കു് ഇന്ത്യാഗവണ്മെൻറ് കൊടുക്കും. അതിൽനിന്നു് ഒരു ഭാഗമാണത്രേ കമ്മീഷനായി ഏതാനും ഇന്ത്യക്കാർക്കു് — ചില പട്ടാളമേധാവികൾക്കും ചില രാഷ്ട്രീയനേതാക്കൾക്കുമെന്നു പറയപ്പെടുന്നു—ബോഫോഴ്സ് കമ്പനി തിരിച്ചുകൊടുത്തതു്. കമ്മീഷൻെറ ഇടപാടോ, ഏജൻറുമാരോ പാടില്ലെന്നു് ഇന്ത്യാഗവണ്മെൻറ് നിർദേശിക്കുകയും ബോഫോഴ്സ് കമ്പനി ആ നിർദേശം അംഗീകരിക്കുകയുംചെയ്തതിനുശേഷമാണു് ഏജൻറുമാർക്കു് ഈ കമ്മീഷൻ നൽകപ്പെട്ടതെന്നതിനാൽ, അതിൻെറ ഗൗരവം വർധിക്കുന്നു. വാങ്ങുന്നവർക്കു വിലയിലൊരു ഭാഗം ഇങ്ങനെ തിരിച്ചുകൊടുക്കുന്ന സമ്പ്രദായത്തെ ഇംഗ്ലീഷിൽ 'കിക്ക്ബാക്ക്' (പിന്നോക്കം ചവിട്ടു്) എന്നു വിളിക്കുന്നു. ഈ ഇടപാടിൽ ഇന്ത്യക്കാ ർക്കു കമ്മീഷൻ നൽകിയിട്ടില്ലെന്നു ബോഫോഴ്സ്കമ്പനിയും, കമ്മീ ഷൻ നൽകിയെന്നതിൻെറ തെളിവുകൾ തങ്ങളുടെ കൈവശമുണ്ടെന്നു് സ്വീഡിഷ് റേഡിയോവും പറയുന്നു. വാസ്തവം എന്തോ!

വ്യക്തികൾചെയ്യുന്നതു പലതും സർക്കാരുകൾ ചെയ്തുകൂടാ. മറിച്ചും പാടില്ല. സർക്കാരിനു് ആളുകളെ ജയിലിലടയ്ക്കുകയോ, തൂക്കിക്കൊല്ലുക യോ ഒക്കെ ചെയ്യാം—അംഗീകൃതമായ നടപടിക്രമം അതിനുമുമ്പു് അനു ഷ്ഠിച്ചിരിക്കണമെന്നുമാത്രം. നമ്മളും അങ്ങനെയൊക്കെ ചെയ്തുതുടങ്ങി യാലോ? അതുപോലെ പല കാര്യങ്ങളും നിർവഹിക്കാൻ ഏജൻറുമാരു ടെ സഹായം വ്യക്തികൾ തേടുന്നതിൽ വലിയ വൈഷമ്യമൊന്നുമില്ല. പക്ഷേ, സർക്കാർ അങ്ങനെ ചെയ്യരുതു്; അങ്ങനെ ചെയ്താൽ അതു കോഴയായി കണക്കാക്കപ്പെടും. അതിൻെറ ദുഷ്ഫലം കമ്മീഷൻ കൊടു ത്തവനും വാങ്ങിയവനും ഒരുപോലെ അനുഭവിക്കേണ്ടതായിവരികയും ചെയ്യും.

(31 മെയ്, 1987)

# 102. ബ്ളേഡ്

'നിങ്ങളെന്താ ബ്ലേഡിനെപ്പററി എഴുതാത്തതു്?' എന്നു് ഒരു സ്നേഹിതൻ ഈയിടെ എന്നോടു ചോദിച്ചു.

'രാവിലെ ക്ഷൗരംചെയ്യാൻ ഒരു ബ്ലേഡു വേണം. ഭാഗ്യവശാൽ അതു്, നല്ല ബ്ളേഡുതന്നെ, ഇപ്പോൾ കടകളിൽ സുലഭമാണു്. ആ നി ലയ്ക്കു് അതിനെപ്പററി എന്തെഴുതാനാണു്?' വളരെയൊന്നും ആലോചി ക്കാതെ ഞാൻ മറുപടി പറഞ്ഞു.

'ആ ബ്ളേഡിനെപ്പററിയല്ല ഞാൻ പറയുന്നതു്. ബ്ളേഡ് കമ്പ നികളില്ലേ, അവയെപ്പററിയാണു്. ഇപ്പോൾ ധാരാളമായി ബ്ളേഡ് കമ്പനികൾ പൊളിഞ്ഞുപോകുന്നുണ്ടല്ലോ. എന്നും കാണാം പത്രത്തിൽ അവയെപ്പററിയുള്ള വാർത്തകൾ.'

'ബ്ളേഡ്കമ്പനികളിൽ എനിക്കു താല്പര്യമില്ല. ലോകത്തിലെ എല്ലാ ബ്ളേഡ് കമ്പനികളും പൊളിഞ്ഞാലും എനിക്കു് ഒരൊററ പൈസയും നഷ്ടപ്പെടുകയില്ല.'

'നിങ്ങളുടെ താല്പര്യമല്ല ഇവിടെ പ്രശ്നം. ബ്ളേഡ് കമ്പനികൾ